പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2282

10.10.2011-ൽ മറുപടിയ്ക്കു്

**ഗുരുവായൂർ ദേവസ്വം ബോർഡ് പ്രതിനിധി തെരഞ്ഞെടുപ്പ്**

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ ഗുരുവായൂർ ദേവസ്വം ബോർഡിലേക്ക് ജീവനക്കാരുടെ പ്രതിനിധി യായി തെരഞ്ഞെടുത്തത് ആരെയെന്ന് വെളിപ്പെടു ത്താമോ; | (എ) ദേവസ്വം ഇലക്ട്രിക്കൽ വിഭാഗം സീനിയർ ടെക്നിഷ്യൻ ശ്രീ. എൻ. രാജു. |
| (ബി) | ദേവസ്വം ബോർഡിലേക്ക് ജീവനക്കാരുടെ പ്രതിനി ധിയെ തെരഞ്ഞെടുക്കാനു ളള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാ ക്കാമോ; | (ബി) ഗുരുവായൂർ ദേവസ്വം സർവ്വീസിൽ സ്ഥിരം ജീവനക്കാരൻ ആയിരിക്കണം. കൂടാതെ തൊട്ടുകൂടായ്മ എന്ന അനാചാരം ആചരി ക്കാത്ത ആളും ഹിന്ദുമതത്തിലും ക്ഷേത്രാചാര ങ്ങളിലും വിശ്വാസമുള്ള ആളും ആയിരിക്കണം. |
| (സി) | പ്രസ്തുത ബോർഡിൽ ജീവ നക്കാരുടെ പ്രതിനിധിയായി തെരഞ്ഞെടുത്തയാൾക്കെ തിരെ നിരവധി പരാതികൾ ഉയർന്നുവന്ന വിവരം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) ചില കേസുകൾ നിലവിലുണ്ടെന്ന പരാതികൾ ലഭിച്ചിട്ടുണ്ട്. നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C) NO. 23125/2011 ആയി ഒരു കേസും ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതുമായി ബന്ധ പ്പെട്ട് അന്വേഷണം നടത്തി യിട്ടുണ്ടോ; | |
| (ഇ) | പ്രസ്തുത പ്രതിനിധി ഏതെ ങ്കിലും കേസുകളിൽ പ്രതി യായിട്ടുണ്ടോ; എങ്കിൽ വിശ ദാംശം വെളിപ്പെടുത്താമോ? | (ഇ) 19-06-2010 -ന് ക്ഷേത്രത്തിലേക്ക് പ്രവേശി ക്കവെ പ്രവേശന കവാടത്തിൽ ഡ്യൂട്ടിയിലുണ്ടാ യിരുന്ന ഒരു പോലീസുകാരൻ രാജുവിനെ മർദ്ദിച്ചതായും, രാജു പോലീസുകാരനെ പിടിച്ചു തള്ളിയതായും ആരോപിച്ച് രാജുവിനെതി രെയും മറ്റ് 8 പോലീസുകാർക്ക് എതിരെയും രണ്ട് എഫ്.ഐ.ആർ. കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ